## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 737 — 03.11.2011-ൽ മറുപടിക്ക്

# കൃഷി ഫാമുകളെ നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചാരണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ . എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ കൃഷി ഫാമുകളെ നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചാരണ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രക്രിയയ്ക്ക് രൂപം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ അതിനായി ആസൂത്രണം ചെയ്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദവിവരം നല്കാമോ ; | ബി) കൃഷി വകുപ്പിന് നേരിട്ട് നിയന്ത്രണമുള്ള സ്പെഷ്യൽ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പദ്ധതിയിൽ 2011-12 സാമ്പത്തിക വർഷത്തിൽ 225 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഗുണമേന്മയുള്ള ഉൽപ്പാദനക്ഷമത കൂടിയ വിത്തും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നതിനും നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചാരണത്തിനായി പ്രദർശനത്തോട്ടങ്ങൾ ഒരുക്കുന്നതിനും ആധുനിക ശാസ്ത്രീയ പരിചരണ സംസ്ക്കരണ മുറകൾ സമന്വയിപ്പിച്ച് മാതൃകാ യൂണിറ്റുകളായി മാറ്റുന്നതിനും, യന്ത്രവൽക്കരണത്തിനും ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കുന്നു. ഇതു കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുകയും മാതൃകാ നഴ്സറികൾ |

സ്ഥാപിക്കുകയും പച്ചക്കറി വിത്ത് ഉൽപ്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. കേന്ദ്ര പദ്ധതിയായ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ ഫാമുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫാമുകളുടെ വിവിധ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ 10 ജില്ലാ ഫാമുകളിലും 33 വിത്തുൽപ്പാദന കേന്ദ്രങ്ങളിലും 8 തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളിലും അതാത് ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് ഫാമുകളിൽ നൂതന സാങ്കേതിക വിദ്യകളുടെ വികസനത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| സി) | കൃഷി ഫാമുകൾ മുഖേന ഇപ്പോൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ; | സി) | കർഷകർക്ക് ഗുണമേൻമയുള്ള വിവിധ വിളകളുടെ വിത്ത്, നടീൽ വസ്തുക്കൾ, ഫാം ഉൽപ്പന്നങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. ഇതുമൂലം പൊതുവിപണിയിലെ വില ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിക്കുന്നു. കൂടാതെ കർഷകർ, കുട്ടികൾ എന്നിവർക്ക് വിവിധ വിളകളുടെ കൃഷി രീതികൾ നേരിൽ കണ്ട് പഠിക്കുന്നതിന് ഫാമുകളെ ഉപയോഗപ്പെടുത്തി വരുന്നു. |
| ഡി) | കൃഷി വകുപ്പിന്റെ കീഴിൽ എത്ര കൃഷി ഫാമുകളുണ്ട്; അവയുടെ വിസ്തൃതി എത്രയാണ് ? | ഡി) | കൃഷി വകുപ്പിൻെറ കീഴിൽ 10 ജില്ലാ കൃഷിത്തോട്ടങ്ങളും 10 സ്പെഷ്യൽ ഫാമുകളും 33 വിത്തുൽപ്പാദന കേന്ദ്രങ്ങളും 8 തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളും ഉൾപ്പെടെ ആകെ 61 ഫാമുകൾ ഉണ്ട്. ഇവയുടെ ആകെ വിസ്തൃതി 2073.57ഹെക്ടറാണ്. |

R.R.Tdige

**സെക്ഷൻ ഓഫീസർ**